# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 19-05-2014

# ഹൈസ്കൂൾ അധ്യാപകരുടെ പ്രമോഷൻ: സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കണം

ഹൈസ്കൂൾ ഹെഡ്മാസ്റ്റർ – എ.ഇ.ഒ. തസ്തികകളിലെക്ക് സ്ഥാനക്കയറ്റം ലഭിക്കാൻ അമ്പതു വയസ്സുകഴിഞ്ഞ ഹൈസ്കൂൾ അസിസ്റ്റന്റുമാരും ഹയർസെക്കന്ററി അധ്യാപകരും ടെസ്റ്റ് യോഗ്യതകൾ നേടണമെന്ന വ്യവസ്ഥയിൽ അടിയന്തിരമായി ഇളവനുവദിക്കണമെന്ന് കെ എസ് ടി എ സംസ്ഥാനകമ്മിറ്റി ആവശ്യപ്പെട്ടു.

പ്രമോഷൻ ലഭിക്കാൻ ടെസ്റ്റ് യോഗ്യത നേടണമെന്ന വ്യവസ്ഥയിൽ അമ്പതു വയസ്സുകഴിഞ്ഞവർക്ക് ഓരോ വർഷവും ഇളവനുവദിക്കുകയാണ് പതിവ്. കഴിഞ്ഞ വർഷം നൽകിയ ഇളവിന്റെ കാലാവധി ഫെബ്രുവരി മാസം അവസാനിച്ചു. ഈ വർഷം ഇളവനുവദിക്കുന്ന കാര്യത്തിൽ ഇതുവരെയും വിദ്യാഭ്യാസ വകുപ്പ് തീരുമാനമെടുത്തിട്ടില്ല. ടെസ്റ്റ് യോഗ്യത നേടിയ അമ്പതുവയസ്സു കഴിഞ്ഞവർ ഓൺലൈനായി അപേക്ഷിക്കണമെന്ന പൊതുവിദ്യാഭ്യാസ ഡയറക്ടർ മെയ് 16 ന് ഇറക്കിയ അറിയിപ്പ് പല അധ്യാപകരും അറിഞ്ഞിട്ടില്ല. അറിഞ്ഞവർക്കുതന്നെ പല കാരണങ്ങളാൽ അപേക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. അപേക്ഷിക്കേണ്ട അവസാനതിയതി മെയ് 19 ന് ആയിരുന്നു. ടെസ്റ്റ് യോഗ്യതനേടിയവരുടെയും ടെസ്റ്റ് യോഗ്യത നേടാത്ത 50 കഴിഞ്ഞവരുടെയും പേരുകൾ ഉടൻ ചേരുന്ന പ്രമോഷൻ കൗൺസിലിന്റെ മുമ്പാകെ വരാത്തതുകൊണ്ട് ഇത്തവണ പ്രമോഷൻ ലഭിക്കാത്ത അവസ്ഥയുണ്ടാകും. ഈ സ്ഥിതി വിശേഷം ഒഴിവാക്കണം.

കെ ഇ ആർ വ്യവസ്ഥപ്രകാരം അമ്പതു വയസ്സുകഴിഞ്ഞ എയ്ഡഡ് സ്കൂൾ അധ്യാപകരെ ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ട്. സർക്കാർ സ്കൂൾ അധ്യാപകർക്കും ഇതു ബാധകമാക്കണമെന്ന് കെ എസ് ടി എ ജനറൽ സെക്രട്ടറി ഏ കെ ഉണ്ണികൃഷ്ണൻ പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

**ഏ കെ ഉണ്ണികൃഷ്ണൻ**
ജനറൽ സെക്രട്ടറി